**മത്സ്യഫെഡിന്റെ പ്രവർത്തനം**

**84 (1185)** ശ്രീ. പി. രാജു : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന് 'കേരള സഹകരണസംഘം നിയമം' ബാധകമാണോ ;

(ബി) ഈ നിയമം ലംഘിച്ച് പ്രവർത്തിച്ചാൽ മത്സ്യഫെഡിന് എതിരായി എന്തു നടപടികൾ സ്വീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ; എങ്കിൽ മത്സ്യഫെഡ് കേരള സഹകരണ നിയമം ലംഘിച്ചു പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്താക്കാമോ ;

(സി) അപ്പക്സ് സംഘങ്ങളിൽ അഫിലിയേഷൻ സംബന്ധിച്ച് 1999-ലെ 'കേരള സഹകരണ സംഘം' ഭേദഗതി നിയമത്തിലെ വ്യവസ്ഥ എന്താണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് 1999-ലെ കേരളസഹകരണ സംഘം ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ഇ) അഫിലിയേഷൻ സംബന്ധിച്ചും രജിസ്ട്രേഷൻ സംബന്ധിച്ചും കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾ ഫിഷറീസ് വകുപ്പും മത്സ്യഫെഡും ലംഘിച്ചിട്ടുണ്ടോയെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കുക എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

(എ) ബാധകമാണ്.

(ബി) 1969-ലെ കേരള സഹകരണനിയമത്തിലെ വകുപ്പ് 32, 65, 66 എന്നിവ അനുശാസിക്കുന്നപ്രകാരം യുക്തമായ അന്വേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയും. സഹകരണ നിയമം ലംഘിച്ച് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബന്ധപ്പെട്ട വ്യവസ്ഥയുടെ പ്രസക്തഭാഗം അനുബന്ധ-1 ൽ കാണാവുന്നതാണ്*.

(ഡി) ബന്ധപ്പെട്ട വ്യവസ്ഥയുടെ പ്രസക്തഭാഗം അനുബന്ധം-2 ൽ കാണാവുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**മത്സ്യതൊഴിലാളി സംഘങ്ങൾ**

**85 (1186)** പ്രൊഫ. എ. വി. താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര രജിസ്ട്രേർഡ് മത്സ്യത്തൊഴിലാളി സംഘങ്ങൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) രജിസ്ട്രേഷൻ ഇല്ലാത്ത എത്ര മത്സ്യത്തൊഴിലാളിഗ്രാമങ്ങൾ ഉണ്ട് ; ഇല്ലാത്തവ എത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly